പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2280 — 9/12/2014-ൽ മറുപടിക്ക്

# കോഴിക്കോട് ചാത്തൻകോട്ടുകട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ചാത്തൻകോട്ടുകട ജല വൈദ്യുത പദ്ധതിയുടെ കരാറുകാരൻ ആരാണെന്നും കരാർ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് - കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് - ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് -കൺസോർഷ്യമാണ് കരാറുകാരൻ. 4536 ലക്ഷം രൂപയാണ് പദ്ധതിയുടെ കരാർ തുക. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഏതൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ കരാർ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളും അവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുകയും താഴെ പറയും പ്രകാരമാണ്. |

| | |
|---|---|
| പട്ടിക എ | സിവിൽ പ്രവൃത്തികൾ - 32,57,70,040/- രൂപ |
| പട്ടിക ബി | പെൻസ്റ്റോക്ക് പൈപ്പുകളുടെ വിതരണം, ഫാബ്രിക്കേഷൻ, സ്ഥാപിക്കൽ എന്നിവ - 1,99,62,311/- രൂപ. |
| പട്ടിക എ1 | ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ആസൂത്രണം, രൂപകല്പന, നിർമ്മാണം, വിതരണം എന്നിവ - 10,39,05,000/- രൂപ |

| | |
|---|---|
| പട്ടിക എ2 | ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും സ്ഥാപിക്കൽ, പരിശോധനകൾ, ഉല്പാദനം ആരംഭിക്കൽ എന്നിവ - 39,70,000/- രൂപ |

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനം പ്രവൃത്തി പൂർത്തിയായെന്നും എത്ര തുക പാർട്ട് പേമെന്റായി കരാറുകാരന് നൽകിയെന്നും വ്യക്തമാക്കുമോ;

(സി) പട്ടിക-എ പ്രകാരമുള്ള സിവിൽ നിർമ്മാണ പ്രവൃത്തികളുടെ 30.11.2014 വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ശതമാനത്തിൽ താഴെ കൊടുക്കുന്നു.

| | |
|---|---|
| (i) ആക്സസ് റോഡുകൾ | 34.94% |
| (ii) വിയറും ഇൻടേക്ക് സ്ട്രക്ചറും | 14.63% |
| (iii) പവർ ചാനൽ | 34.56% |
| (iv) ഫോർബേ | 3.91% |
| (v) പെൻസ്റ്റോക്ക് | 11.36% |
| (vi) പവർഹൌസ്, ടെയിൽറേസ്, സ്വിച്ച് യാർഡ് തുടങ്ങിയവ | 20.29% |

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 4,54,02, 322/- രൂപ കരാറുകാർക്ക് പാർട്ട് പേമെന്റായി 30.11.2014 വരെ നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ മറ്റു പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ഡി) 2015 ഡിസംബറോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ